# കേരളസർവകലാശാല

നം.പി.ആർ.191/2022

## പത്രക്കുറിപ്പ്

**കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022-23 കെ.യു.സി.ടികളിലേക്കുള്ള മാനേജ്മെന്റ് ക്വോട്ട അഡ്മിഷൻ - പ്രൊഫൈൽ തിരുത്തലുകൾക്കുള്ള അവസരം.**

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കെ.യു.സി.ടി കളിലേക്കുള്ള മാനേജ്മെന്റ് ക്വോട്ട 2022-23 അധ്യയന വർഷത്തെ പ്രവേശനം പരാതി രഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങൾ, കോളേജുകളും കോഴ്സുകളും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. 20.09.2022 വരെ തിരുത്തലുകൾ വരുത്താവുന്നതാണ്. വിശദവിവരം അഡ്മിഷൻ വെബ്സൈറ്റിൽ. (https://admissions.keralauniversity.ac.in)

**എം.ബി.എ.(ഫുൾടൈം) പ്രവേശനം**

കേരള സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ.(ഫുൾടൈം) കോഴ്സസിലേക്കുള്ള 2022-24 വർഷത്തെ പ്രവേശനത്തിനുള്ള നോട്ടിഫിക്കേഷനിൽ വരുത്തിയ മാറ്റങ്ങളുടെ വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (www.admissions.keralauniversity.ac.in) സന്ദർശിക്കുക.

**പുതുക്കിയ പരീക്ഷ തീയതി**

കേരളസർവകലാശാല 2022 സെപ്റ്റംബർ 16 (വെള്ളിയാഴ്ച) നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യു/ എം.എം.സി.ജെ/ എം.എ.എച്ച്.ആർ.എം – (റെഗുലർ / സപ്ലിമെന്ററി ) പരീക്ഷകൾ 2022 സെപ്റ്റംബർ 28 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

**പരീക്ഷഫലം**

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് ഒന്നും രണ്ടും സെമസ്റ്റർ (റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2017, 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷ മെയ് 2021, വിത്ത്ഹെൽഡ് ചെയ്ത വിദ്യാർത്ഥികളുടെ പരീക്ഷഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് 2022 സെപ്റ്റംബർ 30 വരെ ഓഫ്ലൈനായി അപേക്ഷിക്കാവുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി പോളിമർ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2022 സെപ്റ്റംബർ 22 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 സെപ്റ്റംബർ 19ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ (2020 സ്കീം) റെഗുലർ ആൻഡ് സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷ രജിസ്ട്രേഷൻ

2022 ഒക്ടോബർ 26 -ാം തീയതി മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മൂന്നും നാലും സെമസ്റ്റർ എസ്.ഡി.ഇ - ബി.എ/ബി.എസ്.സി/ ബി.കോം/ബി.സി.എ/ബി.ബി.എ -(റെഗുലർ - 2020 അഡ്മിഷൻ, ഇപ്രൂവ്മെന്റ് / സപ്ലിമെന്ററി - 2019 അഡ്മിഷൻ & സപ്ലിമെന്ററി- 2017 അഡ്മിഷൻ & 2018 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ 2022 സെപ്റ്റംബർ 13 മുതൽ ആരംഭിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.എ ഇസ്ലാമിക് ഹിസ്റ്ററി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് എന്നീ പ്രോഗ്രാമുകൾക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 സെപ്റ്റംബർ 15 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റ്കളു മായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്

കേരളസർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇവൊല്യൂഷനറി ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജിയിൽ എം.എസ് സി ഇന്റഗ്രേറ്റീവ് ബയോളജി (സുവോളജി) പ്രോഗ്രാമിന് 2022-24 അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 സെപ്റ്റംബർ 15 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റ് കളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
12.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**